LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-സി) കേരളത്തിൽ നിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്ര ചാർജ് വിമാന കമ്പനികൾ ഉൽസവ സീസണിൽ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മൽസരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. എയർ ഇന്ത്യ എക്സ്പ്രസ്സ് തിരക്കുള്ള സമയത്ത് മറ്റ് എയർലൈൻസിനേക്കാൾ 10-20% വരെ കുറഞ്ഞ നിരക്കിന്റെ ടിക്കറ്റാണ് ഈടാക്കുന്നത് എന്ന് സംസ്ഥാന സർക്കാരിനെ കേന്ദ്ര വ്യോമയാന വകുപ്പ് അറിയിച്ചിട്ടുണ്ട്. തിരക്കുള്ള സമയത്ത് യാത്രക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് 10-12-2015-ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാനനിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്ക് ഗൾഫ് നാടുകളിൽ നിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

കുടുംബശ്രീ ഫ്രെയിംശ്രീ

27 (*296) ശ്രീ. സാജു പോൾ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ആർ. രാജേഷ്:
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ 'ഫ്രെയിംശ്രീ ' എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്നതെന്നറിയിക്കുമോ ;

(സി) ഏജൻസികൾ തെരഞ്ഞെടുത്തത് ഏത് രീതിയിലൂടെയാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗിനായി തദ്ദേശസ്ഥാപനങ്ങൾ വിഹിതം കൈമാറേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിൽ കുടുംബശ്രീ അംഗങ്ങളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതിയാണ് മീഡിയാശ്രീ. അതിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും നൈപുണ്യ പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മ സംരംഭക പദ്ധതിയാണ് ഫ്രെയിംശ്രീ.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിലും പരസ്യം നൽകി ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) ഇല്ല.

കൃഷിഭവനുകൾ വഴിയുള്ള നാളികേരസംഭരണം'

28 (*297) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കൃഷി ഭവനുകൾ വഴി നാളികേരം സംഭരിക്കുന്നുണ്ടോ; അപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റെ വില നിലവാരം എത്ര;

LIBRARY ARCHIVES Kerala Legislative Assembly